# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3731

20..10..2016 -ൽ മറുപടിയ്ക്ക്

## ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്ക് ആനുപാതികമായി സ്ഥിരം അദ്ധ്യാപകരെ നിയമിക്കാത്തതുമൂലം വിജയശതമാനത്തിൽ കാര്യമായ കുറവ് സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്റ്റാഫ് ഫിക്സേഷൻ അടിയന്തരമായി നടത്തി സ്ഥിരം അദ്ധ്യാപകരെ പ്രസ്തുത കോളേജിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2011 -നു ശേഷം പ്രവർത്തനം ആരംഭിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഹരിപ്പാട് ഉൾപ്പെടെയുള്ള പുതിയ കോളേജുകളിലേയ്ക്കുള്ള സ്റ്റാഫ് പാറ്റേൺ നിർദ്ദേശിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. ഒരു സ്റ്റാഫ് ക്രിയേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 15-10-2016 -ന് സമർപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി ഐ.എച്ച്.ആർ.ഡി ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ